I/86002/2023

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-തലശ്ശേരി താലൂക്ക്-കൂത്തുപറമ്പ മുനിസ്സിപ്പാലിറ്റി-കൂത്തുപറമ്പ വില്ലേജ്- റീ.സ.നമ്പർ 99/101, 99/102, 99/103, 99/175 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് ഐ അപായസാധ്യാത ഗണത്തിൽ ഉൾപ്പെടുന്ന ഒരു പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിന് ഭൂഉപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KMBR-2019 ചട്ടം 30

2) ശ്രീ. തടേപ്പള്ളി രാംബാബു, മാനേജിംഗ് ഡയറക്ടർ, യു.ആർ. ഗ്രൗണ്ട് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, 183-D, ഈശ്വരപുരി കോളനി, സൈനികപുരി.പി.ഒ, ഹൈദരാബാദ്-500094 എന്നവർ 17/01/2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/1087/2022-C** **തീയതി 13-02-2023**

---

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ കൂത്തുപറമ്പ മുനിസ്സിപ്പാലിറ്റിയിൽ കൂത്തുപറമ്പ വില്ലേജിൽ റി. സ. നമ്പർ 99/101, 99/102, 99/103, 99/175 എന്നിവയിൽ ഉൾപ്പെടുന്ന 1132 ച.മീ വിസ്തൃതിയുള്ള പ്ലോട്ടിൽ(Total plot area-1132 sqm, petrol pump plot-849sqm) 202.52 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള ഒരു പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ്(സെയിൽസ് ബിൽഡിംഗ്-34.52 ച.മീ, കനോപി-168 ച.മീ) നിർ മ്മിക്കുന്നതിന് ലേ ഔട്ട് അനുമതിക്കായി ശ്രീ. തടേപ്പള്ളി രാംബാബു, മാനേജിംഗ് ഡയറക്ടർ, യു.ആർ. ഗ്രൗണ്ട് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, 183-D, ഈശ്വരപുരി കോളനി, സൈനികപുരി.പി.ഒ, ഹൈദരാബാദ്-500094 എന്നിവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KMBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂഉപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഓ.സി / അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ .
2. KMBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ചു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർ മ്മാണം KMBR-2019-നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KMBR-2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
5. KMBR-2019 ചട്ടം 34 പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത ശുചീകരണ സംവിധാനങ്ങൾ സന്ദർശകർക്ക് കൂടി ഉപയോഗിക്കാവുന്ന രീതിയിൽ ആണെന്ന് ഉറപ്പാക്കുക.
6. വിഭാവിത പെട്രോൾ പമ്പിലേക്കുള്ള Entry & Exit പ്ലോട്ടിനോട് ചേർന്ന കിഴക്ക് ഭാഗത്തുള്ള മുനിസിപ്പൽ റോഡ് കണക്കിലെടുത്ത് ശാസ്ത്രീയമായി ക്രമീകരിക്കേണ്ടതാണ്.
7. പ്രസിദ്ധീകരിച്ച കൂത്തുപറമ്പ മാസ്റ്റർപ്ലാനിലെ 24.00മീറ്റർ Road widening

proposal കണക്കിലെടുത്തു വേണം നിർദിഷ്ട നിർമ്മാണം നടത്തേണ്ടത്.

എൽ. എ നമ്പർ 10/2023 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണ/വികസനപ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണവികസന അനുമതി/ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ .നിർമ്മാണം/വികസനപ്രവർത്തികൾ ആരംഭിക്കുവാൻ പാടുള്ളൂ

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം * തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് * കണ്ണൂർ - 670 002

Signed by
Ravikumar.p
Date: 13-02-2023 16:29:52

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, കൂത്തുപറമ്പ മുനിസ്സിപ്പാലിറ്റി

<u>പകർപ്പ്</u>

1)ശ്രീ. തടേപ്പള്ളി രാംബാബു, മാനേജിംഗ് ഡയറക്ടർ, യു.ആർ. ഗ്രൗണ്ട് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, 183-D, ഈശ്വരപുരി കോളനി, സൈനികപുരി.പി.ഒ, ഹൈദരാബാദ്-500094
2)ഫയൽ 3) കരുതൽ ഫയൽ